(എഹ്) ഓരോ മേജർ ഇനത്തിനും വേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഡി.പി.ഇ.പി. നടപ്പാക്കുന്നതിനുള്ള സഹായം എന്നുവരെ ലഭിക്കും ;

(എച്ച്) ഈ പദ്ധതി തുടർന്നുകൊണ്ടുപോകുവാൻ പ്രതിവർഷം എന്ത് തുക ചെലവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഐ) ഈ തുക എപ്രകാരം സ്വരൂപിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയാണ് കേരളത്തിൽ ഡി.പി.ഇ.പി. നടപ്പിലാക്കുന്നത്. 85:15 എന്ന അനുപാതത്തിലാണ് യഥാക്രമം കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ധനസഹായം ലഭിക്കുന്നത്. കേന്ദ്രസഹായമായി 97.862 കോടി രൂപയും സംസ്ഥാന സഹായമായി 12.234 കോടി രൂപയുമാണ് ഇതുവരെ ലഭിച്ചത്.

(സി&ഡി) ഡി.പി.ഇ.പി. കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം ഗ്രാന്റ് ആയിട്ടാണ് ലഭിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാർ ഇത് തിരിച്ചടക്കേണ്ടതില്ല.

(ഇ) 31-3-2000 വരെയുള്ള കണക്കനുസരിച്ച് മൊത്തം 103.86 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. മൊത്തം ചെലവിന്റെ 24% നിർമ്മാണ പ്രവർത്തനങ്ങൾക്കും 6% ഭരണ നിർവ്വഹണത്തിനും ബാക്കി 70% അധ്യാപക പരിശീലനത്തിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.

(എഫ്) 31-3-2000 വരെ ആകെ ചെലവഴിച്ച 10386 ലക്ഷം രൂപയിൽ 1067.30 ലക്ഷം രൂപ പ്രോജക്ട് മാനേജ്മെന്റ് ഇനത്തിലും, 2578.63 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാക്കി തുകയായ 6740.07 ലക്ഷം രൂപ അദ്ധ്യാപക പരിശീലനത്തിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിച്ചിട്ടുള്ളത്.

(ജി) ഡി. പി. ഇ. പി. ഒന്നാം ഘട്ടം 30-9-2001 ലും, രണ്ടാം ഘട്ടം 31-12-2002-ലും അവസാനിക്കും. ആയതിനാൽ പ്രസ്തുത തീയതിവരെ സഹായം ലഭിക്കുന്നതാണ്.

(എച്ച്&ഐ) കാലാവധിക്കു ശേഷവും പദ്ധതി തുടർന്ന് കൊണ്ടുപോകുവാനുള്ള നടപടികൾ പരിഗണനയിലാണ്. കൃത്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ല.

ഡി. പി. ഇ. പി. നടപ്പിലാക്കിയ സ്കൂളുകൾ

31(431) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഡി. പി. ഇ. പി. മാതിരിയുള്ള പഠനസമ്പ്രദായം ഏർപ്പെടുത്തുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പരിഷ്ക്കരിച്ച ഡി. പി. ഇ. പി.യുടെ പ്രത്യേകതകൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ക്ളാസുകളിലാണ് ഇപ്പോൾ ഡി. പി. ഇ. പി. നടപ്പാക്കി വരുന്നതെന്നും ഏതൊക്കെ ക്ളാസുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) ഡി. പി. ഇ. പി. സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തു പ്രൈമറി തലംമുതൽ ഘട്ടം ഘട്ടമായി ആരംഭിച്ച പാഠ്യപദ്ധതി പരിഷ്ക്കരണം ഈ വർഷം 7-ാം ക്ളാസ് വരെ പൂർത്തിയാക്കി. അടുത്ത അദ്ധ്യായന വർഷം 8-ാം ക്ളാസിൽ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്ക്കരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഡി. പി. ഇ. പി.യുടെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച പ്രൈമറി പാഠ്യപദ്ധതി എസ്.സി.ഇ.ആർ.ടി. പരിഷ്ക്കരിക്കുകയുണ്ടായി. പരിഷ്കരിച്ച പാഠ്യപദ്ധതിയിലെ ന്യൂനതകൾ പ്രൊഫ. ഗുപ്തൻനായർ കമ്മറ്റി പരിശോധിക്കുകയും ശുപാർശകളുടെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഡി. പി. ഇ. പി. പാഠ്യപദ്ധതിയുടെ പ്രധാനപ്പെട്ട സവിശേഷതകൾ ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥി കേന്ദ്രീകൃത പഠന പ്രക്രിയ.
2. എന്തു പഠിക്കുന്നു എന്നതിനെക്കാൾ എങ്ങനെ പഠിക്കുന്നു എന്നതിനു ഊന്നൽ നൽകുന്നു.
3. ജീവിത വിജയത്തിനു ആവശ്യമായ ശേഷികൾ കൈവരിക്കുവാൻ ഊന്നൽ നൽകുന്നു.
4. പ്രവർത്തനാധിഷ്ഠിതമായ പഠനബോധന പ്രക്രിയ.

(സി) ഡി. പി. ഇ. പി. സംസ്ഥാനത്തെ ആറുജില്ലകളിൽ (തിരുവനന്തപുരം ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) ഒന്നു മുതൽ നാലു വരെ ക്ളാസുകളിലാണ് നടപ്പാക്കുന്നത്.

(ഡി) അൺ എയിഡഡ് സ്കൂളുകളിൽ ഡി. പി. ഇ. പി. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly